REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് ഇന്ന് തുടക്കം.
- ഗർഭാശയ ഗള ക്യാൻസർ ബാധയ്ക്കെതിരെ രാജ്യവ്യാപക വാക്സിനേഷൻ പരിപാടി കേന്ദ്രഗവൺമെന്റ് ഉടൻ ആരംഭിക്കും.
- കണ്ണൂർ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് JB കോശി കമ്മിഷൻ റിപ്പോർട്ട് മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകരിച്ചു.
- ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട്, പാകിസ്ഥാനെ രണ്ട് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനം ഇന്ന് ആരംഭിക്കും. പ്രധാനമന്ത്രിയുടെ രണ്ടാമത്തെ ഇസ്രായേൽ സന്ദർശനമാണിത്. ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ടെൽ അവീവിൽ കൂടിക്കാഴ്ച നടത്തുന്ന പ്രധാനമന്ത്രി ഇന്ത്യാ- ഇസ്രായേൽ തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതി വിലയിരുത്തും. വിവിധ മേഖലകളിലെ നിരവധി കരാറുകളെ സംബന്ധിച്ചും ഇരു നേതാക്കളും ചർച്ച നടത്തും. പ്രാദേശികവും ആഗോളവുമായ വിഷയങ്ങളും ഉഭയകക്ഷി താൽപര്യവിഷയങ്ങളും അവർ ചർച്ച ചെയ്യും.

ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗുമായും നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ ആദ്യദിനത്തിൽ, ഇസ്രയേൽ പാർലമെന്റ്- നെസറ്റിനെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

പൗരന്മാരുടെ ആരോഗ്യ സുരക്ഷ കൂട്ടായ ഉത്തരവാദിത്തമാണെന്നും പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് പോലും വേണ്ട സമയത്ത് ശരിയായ ആരോഗ്യ പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു ആവശ്യപ്പെട്ടു. മുംബൈയിൽ PD ഹിന്ദുജ ആശുപത്രിയുടെ 'ജീവൻ രക്ഷ - ആരോഗ്യ ഭാരതം' ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ആയുഷ്മാൻ ഭാരത് പദ്ധതി, മിഷൻ ഇന്ദ്രധനുഷ്, TB മുക്ത് ഭാരത്, PM രഹത്, എന്നിവയടക്കം പദ്ധതികൾ പൗരന്മാരുടെ ആരോഗ്യ സുരക്ഷ പരമപ്രധാനമായി ഗവൺമെന്റ് കാണുന്നുവെന്നതിന് തെളിവാണെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

സ്ത്രീകളെ ബാധിക്കുന്നതും എന്നാൽ തടയാൻ കഴിയുന്നതുമായ ഗർഭാശയ ഗള ക്യാൻസർ ബാധയ്ക്കെതിരെ രാജ്യവ്യാപകമായി പ്രതിരോധ വാക്സിനേഷൻ പരിപാടി ഉടൻ ആരംഭിക്കും. ഹ്യൂമൺ പാപ്പിലോമ വൈറസ് വാക്സിൻ, 14 വയസ്സുവരെ പ്രായക്കാരായ പെൺകുട്ടികൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ഓരോ വർഷവും ഒരു കോടി 15 ലക്ഷം പെൺകുട്ടികൾക്ക് HPV വാക്സിൻ നൽകാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

സംസ്ഥാനങ്ങൾക്ക് കർഷക ക്ഷേമത്തിന് അനുവദിച്ച മുഴുവൻ തുകയും മാർച്ച് 31നകം വിനിയോഗിക്കണമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ആവശ്യപ്പെട്ടു. രാഷ്ട്രീയ കൃഷി വികാസ് യോജനയുടേയും, കൃഷി ഉന്നതി പദ്ധതിയുടേയും പുരോഗതി അവലോകന വെർച്വൽ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന കൃഷി മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ സംബന്ധിച്ചു. കർഷകർക്ക് ആനുകൂല്യങ്ങൾ താഴെ തട്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ കേന്ദ്രഫണ്ടുകളുടെ സമയബന്ധിതവും കാര്യക്ഷമവുമായ വിനിയോഗം അനിവാര്യമാണെന്ന് ചൗഹാൻ വ്യക്തമാക്കി.

✪✪✪

കണ്ണൂർ കല്യാട് പൂർത്തിയായ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 200 കോടി രൂപ ചെലവിലാണ് ആദ്യ ഘട്ടം പൂർത്തിയാക്കിയത്.

കണ്ണൂരിൽ നിന്ന് കെ. ഓ. ശശിധരൻ...

........വോയ്സ്........

300 ഏക്കർ സ്ഥലത്താണ് ഗവേഷണ കേന്ദ്രം ഒരുങ്ങുന്നത്. 100 കിടക്കകളുള്ള ഗവേഷണ ആശുപത്രിയും ഔഷധസസ്യ ഗവേഷണ കേന്ദ്രവും നഴ്സറിയും താളിയോല പഠന കേന്ദ്രവുമാണ് ആദ്യഘട്ടത്തിൽ സജ്ജമാവുന്നത്.

തുടക്കത്തിൽ കാൻസർ, ഏജിംഗ് എന്നിവയിലെ ഗവേഷണത്തിനും അനുബന്ധ രോഗീ പരിചരണത്തിനു മാണ് മുൻഗണന നൽകുക. താളിയോലകൾ ഉൾപ്പെടെയുള്ള പരമ്പരാഗത അറിവുകൾ ഭാവി തലമുറയ്ക്ക് വേണ്ടി ഇവിടെ സംരക്ഷിക്കപ്പെടും. നാൽപ്പത്തിലധികം ദേശീയ അന്തർദേശീയ ഇന്റർ ഡിസിപ്ലിനറി ഗവേഷണ സ്ഥാപനങ്ങൾ ഇതിനകം തന്നെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി സഹകരിക്കുന്നതിന് താൽപര്യം അറിയിച്ചിട്ടുണ്ട്.

✪✪✪

പ്രകൃതി ദുരന്തങ്ങൾ മൂലം വാസസ്ഥലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇൻഷുറൻസ് വകുപ്പു മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് യോഗം അംഗീകാരം നൽകി.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് JB കോശി കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകരിച്ചു. റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിക്കാനും യോഗം തീരുമാനിച്ചു. ലത്തീൻ കത്തോലിക്കാ സംവരണത്തിൽ നിർണായക മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നതടക്കം തീരുമാനങ്ങൾ ഇതിലുൾപ്പെടും.

✪✪✪

നിയമസഭാ സാമാജികർക്കായി തിരുവനന്തപുരത്ത് ആധുനിക സജ്ജീകരണങ്ങളോടെ നിർമ്മിച്ച പുതിയ പമ്പാ ബ്ലോക്ക് ഫ്ളാറ്റ് സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 77 കോടിയോളം രൂപ ചെലവിൽ നിർമ്മിച്ച പത്ത് നില സമുച്ചയത്തിൽ 60 ഫ്ളാറ്റുകൾ ഉണ്ട്.

✪✪✪

നാടിന്റെ വിശ്വാസവും സംസ്കാരവും നശിപ്പിക്കാൻ അനുവദിക്കില്ലെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി. ശബരിമലയുടെ പേരിൽ ആരംഭിച്ച രാഷ്ട്രീയം CPIM ഉം കോൺഗ്രസും ഇന്നും തുടരുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ശബരിമല സ്വർണ്ണക്കൊള്ളയിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിനു മുന്നിൽ BJP സംഘടിപ്പിച്ച അയ്യപ്പ ജ്യോതി തെളിയിക്കൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശബരിമലയിലെ സ്വർണ്ണക്കവർച്ചയ്ക്ക് പിന്നിൽ ആരാണെന്ന് ആറുമാസം പിന്നിട്ടിട്ടും SIT ക്ക് കണ്ടെത്താനായില്ലെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ ശ്രദ്ധതിരിക്കാൻ വേണ്ടിയാണ് തന്ത്രിയെ അറസ്റ്റ് ചെയ്തത്. ശബരിമല കേസ് CBI യെ ഏൽപ്പിക്കണമെന്നും 2018ൽ നൽകിയ സത്യവാങ്മൂലം തിരുത്തണമെന്നും വിശ്വാസ സംരക്ഷത്തിന് സമരം ചെയ്തവർക്കെതിരെ എടുത്ത കള്ളക്കേസുകൾ പിൻവലിക്കണമെന്നും രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഫെബ്രുവരി മാസത്തെ സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷൻ വിതരണം ഇന്ന് ആരംഭിക്കും. 62 ലക്ഷത്തോളം ഗുണഭോക്താക്കളിൽ 26 ലക്ഷത്തി 62,000 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും, ശേഷിക്കുന്നവർക്ക് സഹകരണ സംഘങ്ങൾ വഴി വീടുകളിലും പെൻഷൻ എത്തിക്കും.

✪✪✪

സംസ്ഥാന സഹകരണ വകുപ്പിന്റെ അംഗസമാശ്വാസ നിധി, സഹകാരി സാന്ത്വനം പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ധനസഹായമായി ആറ് കോടി 22 ലക്ഷത്തിൽ പരം രൂപ കൂടി അനുവദിച്ചതായി മന്ത്രി VN വാസവൻ അറിയിച്ചു. അംഗസമാശ്വാസനിധിയിൽ ഇതുവരെ 103 കോടിയിൽ പരം രൂപയും, സഹകാരി സാന്ത്വനം പദ്ധതിയിൽ ഒരു കോടി 22 ലക്ഷം രൂപയും അനുവദിച്ചതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ഏഷ്യയിലെ ഏറ്റവും നീളമേറിയ ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂർ മുഴപ്പിലങ്ങാട്, KTDC ആരംഭിക്കുന്ന മലബാർ കോർട്യാഡ് റിസോട്ട് ഇന്ന് പ്രവർത്തനം ആരംഭിക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും .

കിഫ്ബി സഹായത്തോടെ 51 കോടി 86 ലക്ഷം രൂപ ചെലവിലാണ് റിസോർട്ട് നിർമ്മിച്ചത്.

✪✪✪

വിജ്ഞാനസമൂഹസൃഷ്ടിക്ക് ക്വാണ്ടം സയൻസ് എക്സിബിഷൻ വലിയ നേട്ടമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം ഗവ. വിമൻസ് കോളെജിൽ ക്വാണ്ടം പൂച്ചയുടെ മൂന്നരമാസത്തെ പര്യടനത്തിന്റെ സമാപനചടങ്ങിന് നൽകിയ ആശംസാ സന്ദേശത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

കഴിഞ്ഞ നവംബർ ഏഴിനാണ് ക്വാണ്ടം സെഞ്ച്വറി എക്സിബിഷൻ ആരംഭിച്ചത്.

✪✪✪

ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട്, പാകിസ്ഥാനെ രണ്ട് വിക്കറ്റിന് തോൽപ്പിച്ചു. ശ്രീലങ്ക പല്ലേകലെ സ്റ്റേഡിയത്തിലെ ഗ്രൂപ്പ് 2 സൂപ്പർ 8 മാച്ചിൽ പാകിസ്ഥാൻ നിർണയിച്ച 165 റൺ വിജയലക്ഷ്യം 19.1 ഓവറിൽ എട്ട് വിക്കറ്റിന് ഇംഗ്ലണ്ട് മറികടന്നു.

✪✪✪

ക്രിട്ടിക്കൽ മിനറൽസിന്റെയും, മാഗ്നറ്റിക് മിനറൽസിന്റെയും കാര്യത്തിൽ കേരളത്തിന്റെ സാധ്യത കേന്ദ്ര ഗവൺമെന്റും കാണുന്നുണ്ടെന്ന് മന്ത്രി P. രാജീവ് അഭിപ്രായപ്പെട്ടു. ഈ ധാതുക്കളുടെ ഇറക്കുമതി ഒഴിവാക്കി ആഭ്യന്തര വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുമ്പോൾ കേരളത്തിന്റെ കാഴ്ചപ്പാട് തന്നെയാണ് കേന്ദ്രത്തിനെന്നും ബോധ്യപ്പെടുന്നതായി മന്ത്രി കൊല്ലത്ത് പറഞ്ഞു. ചവറ KMML പൂർത്തിയാക്കിയ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു P. രാജീവ്.

✪✪✪

തിരൂർ മലയാള സർവകലാശാലയിൽ നാല് വർഷ ബിരുദ കോഴ്സിന്റെ ഭാഗമായി പൂർത്തീകരിച്ച ബിരുദപഠന കേന്ദ്രം 'തരംഗിണി' ഉച്ചക്ക് മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും. 90 ലക്ഷം രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.

✪✪✪

കോഴിക്കോട് ആകാശവാണി പ്രാദേശിക വാർത്താവിഭാഗം നിലനിർത്തുമെന്ന് പ്രസാർ ഭാരതി CEO, ഗൗരവ് ദ്വിവേദി ഉറപ്പു നൽകിയതായി ഷാഫി പറമ്പിൽ MP വാർത്താകുറിപ്പിൽ അറിയിച്ചു. ഡൽഹിയിൽ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ് പ്രസാർഭാരതിയുടെ ഉറപ്പ് ലഭിച്ചത്.

✪✪✪

ആറ്റുകാൽ പൊങ്കാല ഡ്യൂട്ടിയുമായി സഹകരിക്കുമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ ഘടകം അറിയിച്ചു. ഇന്നു മുതൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ പുനരാരംഭിക്കുകയും ചെയ്യും. നെടുമങ്ങാട് ആശുപത്രിയിലെ അക്രമസംഭവത്തിൽ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത സാഹചര്യവും മന്ത്രിമാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുമാണ് തീരുമാനമെന്ന് KGMOA അറിയിച്ചു.

അതേസമയം, വിദഗ്ധ സമിതി റിപ്പോർട്ട് പോലും പരിഗണിക്കാതെ ഡ്യൂട്ടി ഡോക്ടറെ സസ്പെൻഡ് ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് ജില്ലയിൽ തുടരുന്ന നിസ്സഹകരണ സമരം മുന്നോട്ടു കൊണ്ടുപോകുമെന്നും ഭാരവാഹികൾ പറഞ്ഞു.

✪✪✪

ചിറയൻകീഴ് റെയിൽവേ മേൽപ്പാലം മന്ത്രി PA മുഹമ്മദ് റിയാസ് നാടിന് സമർപ്പിച്ചു. കിഫ്ബി പദ്ധതിയിൽ 25 കോടി രൂപ ചെലവിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പശ്ചാത്തല മേഖലയിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത മുന്നേറ്റമാണ് ഉണ്ടാകുന്നതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വടക്കാഞ്ചേരി ഉത്രാളിക്കാവ് പൂരത്തിന്റെ പുലർച്ചെ നടത്തേണ്ടിയിരുന്ന വെടിക്കെട്ട് മാറ്റിവെച്ചു. കനത്ത മഴയെ തുടർന്നാണ് വെടിക്കെട്ട് മാർച്ച് 6 ലേക്ക് മാറ്റിയത്.

പൂരത്തിനിടെ ഇടഞ്ഞ മനിശേരി കൊച്ചയ്യപ്പൻ എന്ന ആന തൃശൂർ-ഷൊർണൂർ സംസ്ഥാന പാതയിൽ പരിഭ്രാന്തി പരത്തി. പാർക്ക് ചെയ്തിരുന്ന ഏതാനും വാഹനങ്ങൾക്ക് ആന കേടുപാട് വരുത്തി.

✪✪✪

മലപ്പുറം കരുവാരക്കുണ്ട് പഞ്ചായത്തിൽ കഴിഞ്ഞദിവസത്തെ ശക്തമായ കാറ്റിലും മഴയിലും ഒരു കോടി 35 ലക്ഷത്തിൽ പരം രൂപയുടെ നഷ്ടം കണക്കാക്കുന്നു. കേരളാ എസ്റ്റേറ്റ്, പാന്ത്ര, അരിമണൽ, മണലിയംപാടം, കൽക്കുണ്ട് എന്നീ പ്രദേശങ്ങളിലാണ് കാറ്റ് നാശം ഉണ്ടാക്കിയത്.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് നിർമ്മലഗിരിയിൽ ഇന്നലെ രാത്രി ബൈക്കും ലോറിയും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരനായ യുവാവ് മരിച്ചു. പൂള ബസാറിലെ ആരോമലാണ് മരിച്ചത്.

✪✪✪

ബേപ്പൂർ മണ്ഡലം NDA തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് രാവിലെ C സദാനന്ദൻ മാസ്റ്റർ MP ഉദ്ഘാടനം ചെയ്യും. ചെറുവണ്ണൂരിലാണ് ഓഫീസ് ആരംഭിക്കുന്നത്.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൾ കബീർ, ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*